**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2924 06.11.2019-ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷൻ**

| **ചോദ്യം**<br>**ശ്രീ.എം.വിൻസെന്റ്** | **ഉത്തരം**<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
|---|---|
| (എ) എക്സൈസ് വകുപ്പ് സേനാ വിഭാഗത്തിൽപ്പെടുന്ന വകുപ്പാണോ; | (എ) എക്സൈസ് വകുപ്പ് യൂണിഫോംഡ് ഫോഴ്സിൽ ഉൾപ്പെടുന്നു. |
| (ബി) സേനാ വിഭാഗത്തിൽപ്പെടുന്ന വകുപ്പാണെങ്കിൽ എക്സൈസ് ജീവനക്കാർക്ക് സേനാ വിഭാഗത്തിലെ ജീവനക്കാർക്ക് കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ടോ; | (ബി) യൂണിഫോംഡ് ഫോഴ്സിൽ ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങൾക്ക് കാലാകാലങ്ങളിൽ വ്യത്യസ്തമായ ആനുകൂല്യങ്ങൾ സർക്കാർ നിശ്ചയിച്ച് നൽകി വരുന്നു. |
| (സി) വിമുക്തി മിഷൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ ഓഫീസ് കെട്ടിടം നിലവിൽ പ്രവർത്തിക്കുന്നത് എവിടെയാണ്; | (സി) കോട്ടയം, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ ഒഴികെ മറ്റു ജില്ലകളിൽ എക്സൈസ് ഡിവിഷൻ ഓഫീസുകളിലാണ് വിമുക്തി മിഷൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. കോട്ടയം ജില്ലയിൽ എക്സൈസ് കോംപ്ലക്സിലും, മലപ്പുറം ജില്ലയിൽ എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഓഫീസിലും ഇടുക്കി ജില്ലയിൽ തൊടുപുഴ എക്സൈസ് റേഞ്ച് |

| | |
|---|---|
| | ഓഫീസിലും ഓഫീസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇവരെ സഹായിക്കുന്നതിന് മറ്റു സ്റ്റാഫുകൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (ഡി) വിമുക്തി മിഷൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർമാരെ സഹായിക്കുന്നതിന്, അതാത് റേഞ്ച് ഓഫീസ് പരിധിയിൽപ്പെട്ട ഒരു സിവിൽ എക്സൈസ് ഓഫീസർ/വനിത സിവിൽ എക്സൈസ് ഓഫീസർ-നെ എക്സൈസ് കമ്മീഷണർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**